കാഞ്ഞങ്ങാട് സംയുക്ത ജമാഅത്ത് ഖാസി സ്ഥാനമേറ്റു

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് സംയുക്ത ജമാഅത്ത് ഖാസിയായി അസ്സയ്യിദ് അബൂബക്കർ യു.കെ. ആറ്റക്കോയ തങ്ങൾ അൽ ബുഖാരി (മഞ്ചേശ്വരം) സ്ഥാനമേറ്റു. അന്തരിച്ച ഖാസി പി.എ. അബ്ദുല്ല മൗലവിയുടെ പിൻഗാമിയായി അവരോധിക്കപ്പെട്ട ആറ്റക്കോയ തങ്ങൾ സയ്യിദ് ഹൂസ്സയിൻ കോയമ്മ തങ്ങളുടെ പുത്രനാണ്. 65 വയസ്സുണ്ട്. സ്വദേശമായ മഞ്ചേശ്വരത്തു നിന്ന് നിരവധി ഉലമാക്കളോടൊപ്പം എത്തിച്ചേർന്ന തങ്ങളെ സംയുക്ത ജമാഅത്ത് പ്രസിഡണ്ട് സി.എച്ച്. അഹമ്മദ് അശ്റഫ് മൗലവി, ജനറൽ സെക്രട്ടറി കെ.എം. ഹസയിനാർ ഹാജി, ട്രഷറർ എം.ബി.അബ്ദുല്ല ഹാജി എന്നിവരുടെ നേതൃത്വത്തിൽ ജമാഅത്ത് ഓഫീസിൽ സ്വീകരിച്ചു. വിശിഷ്ടാതിഥികളെ പിന്നിട് ദഫ് മുട്ടിന്റെ അകമ്പടിയോടെ യതീംഖാന കോമ്പൗണ്ടിൽ സജ്ജീകരിച്ച മർഹൂം ഖാസി പി.എ.അബ്ദുല്ല മൗലവി നഗറിലേക്കാനയിച്ചു.

കോഴിക്കോട് വലിയ ഖാസി സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ ആറ്റക്കോയ തങ്ങളെ ഖാസിയായി പ്രഖ്യാപിച്ചു. ശിരോവസ്ത്രമണിയിച്ചപ്പോൾ തിങ്ങിനിറഞ്ഞ ആയിരങ്ങളുടെ കണ്ഠങ്ങളിൽ നിന്ന് തക്ബീർധ്വനികൾ മുഴങ്ങി.

നേരത്തെ സംയുക്ത ജമാഅത്ത് പരിധിയിൽപ്പെട്ട 66 ജമാഅത്തുകളുടെ പ്രതിനിധികൾ കോഴിക്കോട് വലിയ ഖാസിക്ക് തൗലിയത്ത് നൽകിയിരുന്നു. സി.എച്ച്. അഹമ്മദ് അശ്റഫ് മൗലവിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ഉള്ളാൾ ഖാസി സയ്യിദ് അബ്ദുറഹ്മാൻ കുഞ്ഞിക്കോയ തങ്ങൾ അൽ ബുഖാരി ഉൽഘാടനം ചെയ്തു.

കാസർകോട് സംയുക്ത ജമാഅത്ത് ഖാസി പി. കെ.എം. ബാവ മുസ്ല്യാർ, ചെമ്പിരിക്ക ഖാസി സി.എം. അബ്ദുല്ല മൗലവി, പള്ളിക്കര ഖാസി സി.എച്ച് അബ്ദുല്ല മൗലവി, നീലേശ്വരം ഖാസി ഇ.കെ. മഹ്മൂദ് മൗലവി, പി. അഹമ്മദ് സഈദ് (മട്ടന്നൂർ) എന്നിവർ പ്രസംഗിച്ചു.

കെ.കെ. മുഹമ്മദ്കുഞ്ഞി മൗലവി ഖിറാഅത്ത് നടത്തി.

സി.എച്ച്.കെ. അബ്ദുല്ലയും യതീംഖാന അന്തേവാസികളും സ്വാഗതഗാനമാലപിച്ചു. സംയുക്ത ജമാഅത്ത് സെക്രട്ടറിയും സ്വാഗതസംഘം ജനറൽ കൺവീനറുമായ എം. ഹമീദ് ഹാജി സ്വാഗതവും കൺവീനർ സി.എച്ച്. കുഞ്ഞബ്ദുല്ല ഹാജി നന്ദിയും പറഞ്ഞു.

മർഹൂം ഖാസി പി.എ.അബ്ദുല്ല മൗലവിയുടെയും അണ്ണോണ അബ്ദുല്ല മുസ്ല്യാരുടെയും അബൂദാബിയിൽ കാറപകടത്തിൽ മരണപ്പെട്ട മുട്ടുന്തലയിലെ അബൂബക്കർ, അന്തുമായി, അന്തുമാൻ, നീലേശ്വരം ചെപ്പുറത്തെ സൈനുദ്ദീൻ എന്നിവരുടെയും മഗ്ഫിറത്തിനു വേണ്ടി ഖാസി ആറ്റക്കോയ തങ്ങളുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. വിശിഷ്ടാതിഥികളെ അഹമ്മദ് അഷ്റഫ് മൗലവി വെള്ളഷാൾ അണിയിച്ചു.

വാർത്ത

മൃഗാസ്പത്രി

ക്യാഷ് അവാർഡ്

കണ്ണൂർ: ഇക്കഴിഞ്ഞ പ്രീഡിഗ്രി പരീക്ഷയിൽ ആദ്യ അവസരത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. പ്രീഡിഗ്രി പരീക്ഷയിൽ ഒന്നാംക്ലാസ് ജയിച്ചവർക്ക് 3000 കനിരക്കിലും ജില്ലയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച രണ്ട് വിദ്യാർത്ഥികൾക്ക് 2000 കനിരക്കിലുമാണ് അവാർഡുകൾ നൽകുക.

വിദ്യാർത്ഥികൾ പേര് മേൽവിലാസം, ജാതി, രജിസ്റ്റർ നം. ², വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്, ലഭിച്ച മാർക്ക് എന്നി വിവരങ്ങളടങ്ങിയ അപേക്ഷ ജൂലൈ 15ന് മുമ്പ് അഡീഷണൽ സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന കണ്ണൂർ ഐ.ടി.ഡി. പ്രോജക്ട് ഓഫീസർക്ക് അയക്കേണ്ടതാണ്. ജാതി, പരീക്ഷയിൽ ലഭിച്ച മാർക്ക് എന്നിവ തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ ഐ.ടി.ഡി. പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടണം.

തെങ്ങിൻ തൈ

കണ്ണൂർ: മേൽത്തരം കുറ്റ്യാടി ഇനം തെങ്ങിൻ തൈകൾ ഒന്നിന് 15 രൂപ നിരക്കിൽ വളപ്പട്ടണം കൃഷിഭവനിൽ നിന്നു വിതരണം ചെയ്യുന്നതാണ്.

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library